# തഴക്കര
# ഐവാല വനദുർഗ്ഗാക്ഷേത്രം

Iyvala Charitable & Cultural Trust 108/IV/2008
www.iyvala.org | phone: 9072 42 8265



## ഐവാലക്കാവിൽ
# സർപ്പംതുള്ളൽ

**2022 ഡിസംബർ 24, 25, 26**

**(1198 ധനു 09, 10, 11)**

മാന്യരേ,

മനുഷ്യൻ എങ്ങനെയാണ് ജീവിക്കേണ്ടതെന്ന മികച്ച പാഠങ്ങളാണ് നമ്മുടെ പാരമ്പര്യം കാട്ടിത്തരുന്നതെന്നതാണ് വസ്തുത. ഇത്തരത്തിൽ ഉദാത്തമായ പാരിസ്ഥിതികാവബോധത്തിന്റെയും പരസ്പരാശ്രിതത്വത്തിന്റെയും മകുടോദാഹരണങ്ങളാണ് നമ്മുടെ സർപ്പക്കാവുകൾ. കാവും കുളവും പുതിയ കാലത്ത് ഏറെ വലിയ അനിവാര്യതയായിത്തീർന്നിരിക്കുന്നു.

പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ ആവശ്യകത നൂറ്റാണ്ടുകൾക്കു മുൻപ് പൂർവികർ തിരിച്ചറിഞ്ഞിരുന്നൂയെന്നത് അവരുടെ മഹത്വത്തെ ഏറെ ഉയർത്തുന്നതാണ്. ആവാസ വ്യവസ്ഥയുടെ സന്തുലനമാണ് പൂർവികർ നമ്മെ ഓർമ്മപ്പെടുത്തുന്നത്. ഇതിനു പുറമേ സർവ്വ ചരാചരങ്ങളിലും നിറയുന്നത് ഈശ്വരസാന്നിധ്യമാണെന്ന തിരിച്ചറിവും എല്ലാ ജീവജാലങ്ങളും ആരാദ്ധ്യരും സംരക്ഷിക്കപ്പെടേണ്ടവരുമാണെന്ന് സത്യവും ഇവ നമ്മെ ബോധ്യപ്പെടുത്തുന്നു. പ്രാചീന കാലം മുതൽ തന്നെ ഭാരതത്തിൽ സർപ്പാരാധന നിലനിന്നിരുന്നു. കേരളത്തിലെ വൃക്ഷപൂജാകേന്ദ്രമായ തഴക്കര ഐവാല വനദുർഗ്ഗ ക്ഷേത്രത്തിലെ സർപ്പക്കാവ് വളരെ പ്രസിദ്ധി കേട്ടതാണ്. എട്ടുവർഷത്തിന് ശേഷം ഐവാലക്കാവിൽ സർപ്പം തുള്ളൽ നടക്കുകയാണ്. നാഗ ദൈവങ്ങളുടെ പ്രീതിയ്ക്കായി നടത്തുന്ന അനുഷ്ഠാന വഴിപാടാണിത്. കുരുത്തോലാലംകൃതമായ മണിപ്പന്തലിനു നടുവിലായി സർപ്പത്തിന്റെ കളമെഴുതിയാണ് ഇതു നടത്തുന്നത്. പുള്ളുവപ്പാട്ടിന്റെ സംഗീതത്തിനനുസരിച്ച് കമുകിൻ പൂക്കുലയുമായി ആടിത്തുടങ്ങുന്ന പിണിയാളുകളിൽ സർപ്പ ദൈവങ്ങൾ പ്രവേശിക്കുന്നൂയെന്നതാണ് വിശ്വാസം. ഇത്തരത്തിൽ ഉറഞ്ഞാടുന്ന ഭക്തർ പൂക്കുല ഉപയോഗിച്ച് കളംമായ്ക്കും. ഈ അനുഷ്ഠാനം നടത്തുന്നത്. ഭക്തജനങ്ങളുടെ സർവൈശ്വര്യങ്ങൾക്കും കാരണമാകും. **2022 ഡിസംബർ 24, 25, 26** തീയതികളിലാണ് സർപ്പംതുള്ളൽ തീരുമാനിച്ചിരിക്കുന്നത്. പുള്ളുവാചാര്യൻ ജയകുമാർ ഗോപിനാഥ് ചെട്ടികുളങ്ങരയുടെ മുഖ്യ കാർമ്മികത്വത്തിൽ. നാഗരാജാവ്, നാഗയക്ഷി, സർപ്പയക്ഷി, കന്യകാസർപ്പങ്ങൾ എന്നിവയ്ക്ക് വേണ്ടി വ്രതനിഷ്ഠയിൽ സർപ്പചൈതന്യം ഏറ്റുവാങ്ങി പഞ്ചവർണ്ണ കളങ്ങളിൽ പിണിയാളുകൾ തുള്ളിയുറയും. ദർശന പുണ്യമായ ഈ കാഴ്ച കാണുന്നതിനും സായൂജ്യം നേടുന്നതിനും എല്ലാ ഭക്തജനങ്ങളെയും സർപ്പ ദൈവങ്ങളുടെ പേരിൽ തഴക്കര ഐവാല വനദുർഗ്ഗ ക്ഷേത്രത്തിലേക്കു സ്വാഗതം ചെയ്യുന്നു.

എന്ന് ഭരണസമിതിക്കുവേണ്ടി,

**എൻ. സോമൻപിള്ള**
(പ്രസിഡന്റ്) ഫോൺ : 9562944331

**പി.എം. സുഭാഷ്**
(സെക്രട്ടറി) ഫോൺ : 9633000820

**ബി. ഓമനയമ്മ**
(ദേവസ്വം മാനേജർ) ഫോൺ : 9605305311

ക്ഷേത്ര മേൽശാന്തി : **ബ്രഹ്മശ്രീ. ഗോവിന്ദൻ നമ്പൂതിരി, മുട്ടം**

ക്ഷേത്ര തന്ത്രി : **ബ്രഹ്മശ്രീ. കണ്ഠരര് രാജീവരര്, താഴമൺ മഠം**

സർപ്പക്ഷേത്ര തന്ത്രി : **ബ്രഹ്മശ്രീ. ശ്രീധരൻ നമ്പൂതിരി, പാമ്പുമേയ്ക്കാട്ട് ഇല്ലം**



പുള്ളുവാചാര്യൻ

**ജയകുമാർ ഗോപിനാഥ് ചെട്ടികുളങ്ങര**

കേരളോത്പത്തിയുടെ ഐതിഹ്യ സ്മൃതികളുണർത്തി അഷ്ടനാഗങ്ങളെയും സർപ്പകുലത്തേയും തോറ്റിയുണർത്തി പഞ്ചവർണ്ണപ്പൊടികളാൽ സർപ്പക്കളമെഴുതി, നാഗപൂജയാൽ സർപ്പദോഷവും, സർപ്പശാപവുമകറ്റി നാടിന്റെ സർവൈശ്വര്യങ്ങൾക്കും വേണ്ടി പുള്ളുവകുലം നടത്തിപ്പോരുന്ന അനുഷ്ടാന കർമ്മമാണ് സർപ്പംതുള്ളൽ.

ബ്രഹ്മാവിഷ്ണു മഹേശ്വരനും ജ്ഞാനേശ്വരനായ ശ്രീനാരദനും താപസശ്രേഷ്ഠരായ മുനിമാരുടെയും സവിധത്തിൽ ബ്രഹ്മർഷികളും ത്രിഗുണവാദ്യങ്ങളും വേണ്ടത്ര വരബലസിദ്ധിയും കൈവരിച്ച നിയോഗപുത്രരായ ശ്രീപുല്ലോത്ഭവദ്ധരുടേയും തിരു സാന്നിദ്ധ്യത്തിൽ സുദീർഘമായ ഒരു സർപ്പ മഹായജ്ഞം നടത്തുകയും അതിന്റെ പരിസമാപ്തിയിൽ സംപ്രീതരായ സർപ്പകുലദൈവങ്ങൾ പുറ്റുകൾ നിരത്തി ഊഷരമായ കേരളഭൂമിയെ ഫലഭൂയിഷ്ഠമാക്കുകയും, സർവ്വചരാചര പക്ഷി വൃക്ഷ - മൃഗാദികൾക്കും മാനുഷവംശത്തിന്റെ സർവ്വദോഷഹരം വരുത്തി പിണിഒഴിച്ചു സന്തതി സന്താനലബ്ധിയും സർവ്വരോഗ ദുരിത പീഡകളുമകറ്റി ധനധാന്യ സമ്പൽ സമൃദ്ധിയും ഐശ്വര്യവും നൽകി സർവ്വ രക്ഷയ്ക്കായി കൺകണ്ട് ധർമ്മദൈവങ്ങളായി ഭൂമിക്കുടയോരായി അധിവസിക്കുന്നു ഇതാണ് സർപ്പോത്സവത്തിന്റെ മാഹാത്മ്യം.

ഓരോ ദിവസത്തേയും കളങ്ങളും പൂജകളും സമർപ്പിക്കുമ്പോൾ ലഭിക്കുന്ന സായൂജ്യവും, അനുഭവനിർവൃതിയും വ്യത്യസ്തങ്ങളാണ്. കുടുംബ ഐശ്വര്യം, തീരാവ്യാധിശമനം, ധനാഭിവൃദ്ധി, സന്താനഭാഗ്യം, മംഗല്യഭാഗ്യം, ദുഃസ്വപ്നശാന്തി, ത്വക് രോഗനിവാരണം, വിദ്യാതടസ്സം, ജോലി അസ്ഥിരത, ഭൂമിദോഷം ഇങ്ങനെ സകല ദുരിതങ്ങളുമകറ്റി ഐശ്വര്യപ്രദവും ഫലപ്രാപ്തവുമായ സർപ്പോത്സവം പ്രകൃതിയും മനുഷ്യനും പരസ്പര പൂരിതമായ ആത്മസംസ്കരണം നടത്തി സായൂജ്യമടയുന്ന അപൂർവ്വമായ കാഴ്ചയാണ് ദർശിക്കുന്നത്. ഏഴ് വർഷങ്ങൾ കൂടുമ്പോൾ മാത്രം നടക്കുന്ന കർമ്മാദികളിലേക്ക് ഭൂമിക്കുടയോരായ ധർമ്മദൈവങ്ങളുടെ അനുഗ്രഹത്തിനായി പ്രാർത്ഥനയോടെ.

# സർപ്പം തുള്ളൽ

**വ്രതാരംഭം**
18.12.2022 (1198 ധനു 3) ഞായർ

**കരക്ഷേത്ര ദർശനം**
22.12.2022 (1198 ധനു 7) വ്യാഴം

വിശേഷാൽ കർമ്മങ്ങൾ :
**കാവ്കാണൽ** 25.12.2022 (1198 ധനു 10) ഞായർ

സർപ്പം തുള്ളലിന്റെ രണ്ടാം ദിവസം ഉച്ചയ്ക്ക് നാഗയക്ഷി കളത്തോടൊപ്പം വാദ്യമേളങ്ങളുടെ അകമ്പടിയോടെ പിണിയാളുകൾ തുള്ളിയുറഞ്ഞ് കാവിലേക്ക് എഴുന്നെള്ളുകയും നാഗവിഗ്രഹങ്ങളിൽ അഭിഷേകം നടത്തുകയും കാവിലെ വള്ളികളിൽ പിണിയാളുകൾ ഊഞ്ഞാലാടുന്ന ഭക്തിസാന്ദ്രമായ കാഴ്ച.

## മകിളൻ പാട്ട്

മൂന്നാം ദിവസം രാവിലെ വാദ്യമേളങ്ങളുടെ അകമ്പടിയോടെ പിണിയാളുകൾ ഐവാല ക്ഷേത്രത്തിലേക്ക് എഴുന്നെള്ളി നീരാടുന്നു. ഇവരോടൊപ്പം സർപ്പ ദൈവങ്ങളും നീരാടുന്നു എന്ന സങ്കല്പത്തിൽ ഭക്തജന സായൂജ്യം.

**24.12.2022 രാവിലെ 7 മണിക്ക്** ഇറവൻകര തലൈക്കാവിൽ നിന്നും സർപ്പം തുള്ളലിന് വ്രതം അനുഷ്ഠിക്കുന്ന പിണിയാളുകളെ യജ്ഞശാലയിലേക്ക് നയിക്കുന്നു. ക്ഷേത്രദർശനത്തിനു ശേഷം താലപ്പൊലി, മുത്തുക്കുട, വാദ്യമേളം, സർപ്പം പാട്ട് എന്നിവയുടെ അകമ്പടിയോടുകൂടി ആയിരിക്കും ഈ വരവ്. ഈ ഘോഷയാത്ര സമയത്ത് നിറപറ വഴിപാട് സർപ്പദൈവങ്ങൾക്കുവേണ്ടി നൽകുവാൻ ആഗ്രഹിക്കുന്നവർ **23.12.22 ന് മുൻപായി ദേവസ്വം ഓഫീസുമായി** ബന്ധപ്പെടേണ്ടതാണ്.

## സർപ്പക്കള ദർശനഫലം

| | | |
|---|---|---|
| **നാഗരാജാവിന്റെ കളം** | : | സമ്പൽസമൃദ്ധിയ്ക്ക്, വിഷഭീതി മാറ്റാൻ, നിദ്രയിൽ സർപ്പഭീതി മാറ്റാൻ, വിദ്യയ്ക്കും, സൽക്കീർത്തിക്കും |
| **നാഗയക്ഷിയുടെ കളം** | : | സന്താനലാഭം, മംഗല്യഭാഗ്യം, സന്തതികളുടെ ഉയർച്ച |
| **സർപ്പയക്ഷിയുടെ കളം** | : | അപസ്മാരം മാറ്റുവാൻ, സർപ്പഭൂത ദോഷം മാറ്റാൻ ദീർഘായുസ്സ്, നിദ്രാ വിഭ്രാന്തി മാറൽ, ആരോഗ്യം |
| **കരിനാഗക്കളം** | : | സർപ്പഹിംസ ദോഷ പരിഹാരം, രോഗശാന്തി, ഇഷ്ടകാര്യ ലബ്ധി, ശത്രുസംഹാരം |
| **മണിനാഗക്കളം** | : | സാമ്പത്തിക ഉന്നമനം, ഐശ്വര്യം, കുടുംബശാന്തി |

# സർപ്പം തുള്ളൽ

1-ാം ദിവസം

24.12.2022 (1198 ധനു 9) ശനി

**രാവിലത്തെ കളം : നാഗരാജാവ് – ഭസ്മക്കളം**

| | | |
|---|---|---|
| 9.00 a.m. | : | **കളംകുറിക്കൽ** |
| 11.30 a.m. | : | **കളംപൂജ, കളത്തിൽ നൂറുംപാലും** തുടർന്ന് **സർപ്പംതുള്ളൽ** |
| 12.30 p.m. | : | **അന്നദാനം** |

**ഉച്ചക്കളം : നാഗരാജാവ് – പഞ്ചവർണ്ണക്കളം**

| | | |
|---|---|---|
| 2.00 p.m. | : | **കളംകുറിക്കൽ** |
| 4.30 p.m. | : | **കളംപൂജ, കളത്തിൽ നൂറുംപാലും** തുടർന്ന് **സർപ്പംതുള്ളൽ** |
| 6.30 p.m. | : | **ദീപാരാധന** (ദേവീനടയിൽ) |

**രാത്രിക്കളം : നാഗയക്ഷി**

| | | |
|---|---|---|
| 7.30 p.m. | : | **കളംകുറിക്കൽ** |
| 10.00 p.m. | : | **കളംപൂജ, കളത്തിൽ നൂറുംപാലും** തുടർന്ന് **സർപ്പംതുള്ളൽ** |

**ഒന്നാം ദിവസത്തെ പ്രധാന വഴിപാടുകൾ :**
സർപ്പം പാട്ട്, നാഗാർച്ചന, നൂറുംപാലും, നാഗസൂക്ത കുടുംബ അർച്ചന

## സർപ്പംതുള്ളൽ വഴിപാട് വിവരങ്ങൾ

| | |
|---|---|
| നാഗാർച്ചന | 50 രൂപ |
| സർപ്പംപാട്ട് | 50 രൂപ |
| നൂറും പാലും | 200 രൂപ |
| നിറപറ സമർപ്പണം | 150 രൂപ |
| നാഗങ്ങൾക്ക് കുടുംബ അർച്ചന | 250 രൂപ |
| പിണിയാളുകൾക്ക് ഒരു ദിവസത്തെ അന്നദാനം | 5000 രൂപ |
| അന്നദാനം പൊതുവിൽ | 5000 രൂപ |
| അന്നദാനം ഒരു ദിവസം | 50000 രൂപ |
| കളത്തിലേക്ക് പുഷ്പങ്ങൾ | 1000 രൂപ |
| നല്ലെണ്ണ 1 പാട്ട | 2500 രൂപ |

**പന്തലിലും, കളത്തിലും വ്രതനിഷ്ഠയില്ലാതെ പ്രവേശിക്കുവാൻ പാടുള്ളതല്ല**

2-ാം ദിവസം

# സർപ്പം തുള്ളൽ

## 25.12.2022 (1198 ധനു 10) ഞായർ

### രാവിലത്തെ കളം : നാഗയക്ഷി

8.00 a.m. : **കളംകുറിക്കൽ**

11.30 a.m. : **കളംപൂജ, കളത്തിൽ നൂറുംപാലും** തുടർന്ന് **സർപ്പംതുള്ളൽ**

12.30 p.m. : **അന്നദാനം**

### ഉച്ചക്കളം : സർപ്പയക്ഷി – കാവ്കാണൽ

2.00 p.m. : **കളംകുറിക്കൽ**

4.30 p.m. : **കളംപൂജ, കളത്തിൽ നൂറുംപാലും** തുടർന്ന് **സർപ്പംതുള്ളൽ**

6.30 p.m. : **ദീപാരാധന** (ദേവീനടയിൽ)

### രാത്രിക്കളം : സർപ്പയക്ഷി – വിശ്വരൂപം

7.30 p.m. : **കളംകുറിക്കൽ**

10.00 p.m. : **കളംപൂജ, കളത്തിൽ നൂറുംപാലും** തുടർന്ന് **സർപ്പംതുള്ളൽ**

**രണ്ടാം ദിവസത്തെ പ്രധാന വഴിപാടുകൾ :**
സർപ്പം പാട്ട്, നാഗാർച്ചന, നൂറുംപാലും, നാഗസൂക്ത കുടുംബ അർച്ചന, സന്താനസിദ്ധി ഭാഗ്യാർച്ചന, സർപ്പയക്ഷി വിശ്വരൂപക്കളം

### വനദുർഗ്ഗാ ക്ഷേത്രത്തിലെ വഴിപാടുകൾ

| | |
|---|---|
| ത്രികാല പൂജ (ഒരു ദിവസത്തെ പൂജ) | 1000 രൂപ |
| നെയ് വിളക്ക് (ശ്രീകോവിലിൽ) | 50 രൂപ |
| നാമാർച്ചന | 10 രൂപ |
| ഐക്യമത്യസൂക്താർച്ചന | 50 രൂപ |
| ഭാഗ്യസൂക്താർച്ചന | 50 രൂപ |
| സ്വയംവരാർച്ചന | 50 രൂപ |
| നെൽപ്പറ | 150 രൂപ |
| നാണയപ്പറ | 251 രൂപ |
| ഗണപതിഹോമം | 50 രൂപ |
| പായസം | 70 രൂപ |
| വല്യച്ഛന് പാൽപ്പായസം | 50 രൂപ |
| കുടുംബ രക്ഷസ്സിന് പാൽപ്പായസം | 50 രൂപ |
| യോഗീശ്വരന്മാർക്കും യോഗിനിയമ്മയ്ക്കും പാലും പഴവും | 25 രൂപ |
| ഉപദേവതാ പൂജ | 100 രൂപ |
| ഉടയാട ചാർത്തൽ | 50 രൂപ |

3-ാം ദിവസം

# സർപ്പം തുള്ളൽ

## 26.12.2022 (1198 ധനു 11) തിങ്കൾ

### രാവിലത്തെ കളം :

6.30 a.m. : **മകിളൻ പാട്ട്**

### മണിനാഗം

8.00 a.m. : **കളംകുറിക്കൽ**

11.30 a.m. : **കളംപൂജ, കളത്തിൽ നൂറുംപാലും** തുടർന്ന് **സർപ്പംതുള്ളൽ**

12.30 p.m. : **അന്നദാനം**

### ഉച്ചക്കളം :

### കരിനാഗം

2.00 p.m. : **കളംകുറിക്കൽ**

4.30 p.m. : **കളംപൂജ, കളത്തിൽ നൂറുംപാലും** തുടർന്ന് **സർപ്പംതുള്ളൽ**

6.30 p.m. : **ദീപാരാധന** (ദേവീനടയിൽ)

### രാത്രിക്കളം :

**നാഗരാജാവ് – വിശ്വരൂപം** (അരയാലിൽ വിശ്വരൂപം കാട്ടി തപസ്സ്)

7.30 p.m. : **കളംകുറിക്കൽ**

10.00 p.m. : **കളംപൂജ, കളത്തിൽ നൂറുംപാലും** തുടർന്ന് **സർപ്പംതുള്ളൽ**

**മൂന്നാം ദിവസത്തെ പ്രധാന വഴിപാടുകൾ :**
സർപ്പം പാട്ട്, നാഗാർച്ചന, നൂറുംപാലും, നാഗസൂക്ത കുടുംബ അർച്ചന, സന്താനസിദ്ധി കരിനാഗക്കളം – ആധിവ്യാധികൾക്കും, ത്വക്ക് രോഗ നിവാരണത്തിനും വിശ്വരൂപക്കളം, നിറപറ, അൻപൊലിപ്പറ

**പന്തലിലും, കളത്തിലും വ്രതനിഷ്ഠയില്ലാതെ പ്രവേശിക്കുവാൻ പാടുള്ളതല്ല**

# ക്ഷേത്രത്തിലെ പൂജാ ദിവസങ്ങൾ – 2023

| തീയതി | ദിവസം | വിശേഷം |
|---|---|---|
| 06.01.2023 | വെള്ളി | പൗർണ്ണമി |
| 08.01.2023 | ഞായർ | രണ്ടാം ഞായർ |
| 14.01.2023 | ശനി | മകരവിളക്ക് |
| 05.02.2023 | ഞായർ | പൗർണ്ണമി |
| 12.02.2023 | ഞായർ | രണ്ടാം ഞായർ |
| 07.03.2023 | ചൊവ്വ | പൗർണ്ണമി |
| 11.03.2023 | ശനി | ആദ്യപ്രതിഷ്ഠാ ദിനം |
| 12.03.2023 | ഞായർ | രണ്ടാം ഞായർ |
| 06.04.2023 | വ്യാഴം | പൗർണ്ണമി |
| 09.04.2023 | ഞായർ | രണ്ടാം ഞായർ |
| 15.04.2023 | ശനി | വിഷു |
| 24.04.2023 | തിങ്കൾ | മേട മകയിരം |
| 05.05.2023 | വെള്ളി | പൗർണ്ണമി |
| 14.05.2023 | ഞായർ | രണ്ടാം ഞായർ |
| 04.06.2023 | ഞായർ | പൗർണ്ണമി |
| 11.06.2023 | ഞായർ | രണ്ടാം ഞായർ |
| 03.07.2023 | തിങ്കൾ | പൗർണ്ണമി |
| 09.07.2023 | ഞായർ | രണ്ടാം ഞായർ |
| 01.08.2023 | ചൊവ്വ | പൗർണ്ണമി |
| 13.08.2023 | ഞായർ | രണ്ടാം ഞായർ |
| 28.08.2023 | തിങ്കൾ | ഓണപ്പൂജ – ഉത്രാടം |
| 29.08.2023 | ചൊവ്വ | ഓണപ്പൂജ – തിരുവോണം |
| 30.08.2023 | ബുധൻ | ഓണപ്പൂജ – അവിട്ടം |
| 31.08.2023 | വ്യാഴം | ഓണപ്പൂജ – ചതയം |
| 01.09.2023 | വെള്ളി | ഓണപ്പൂജ – പൂരുരുട്ടാതി |
| 02.09.2023 | ശനി | ഓണപ്പൂജ – ഉത്ത്യട്ടാതി |
| 10.09.2023 | ഞായർ | രണ്ടാം ഞായർ |
| 29.09.2023 | വെള്ളി | പൗർണ്ണമി |
| 08.10.2023 | ഞായർ | രണ്ടാം ഞായർ |
| 22.10.2023 | ഞായർ | ദുർഗ്ഗാഷ്ടമി |
| 23.10.2023 | തിങ്കൾ | മഹാനവമി |
| 24.10.2023 | ചൊവ്വ | വിജയദശമി |
| 28.10.2023 | ശനി | പൗർണ്ണമി |
| 06.11.2023 | തിങ്കൾ | ആയില്യം പൂജ |
| 12.11.2023 | ഞായർ | രണ്ടാം ഞായർ |
| 27.11.2023 | തിങ്കൾ | പൗർണ്ണമി |
| 10.12.2023 | ഞായർ | രണ്ടാം ഞായർ |
| 26.12.2023 | ചൊവ്വ | പൗർണ്ണമി |
| 27.12.2023 | ബുധൻ | മണ്ഡല ഉത്സവം |

**എല്ലാ ഇംഗ്ലീഷ് മാസത്തേയും രണ്ടാം ഞായറാഴ്ചയും, പൗർണ്ണമി ദിവസവും, വിശേഷ ദിവസങ്ങളിലും പൂജ ഉണ്ടായിരിക്കുന്നതാണ്.**